പി4/13804/2018/കോ.വി. വ

കോളേജ് വിദ്യാഭ്യാസ ഡയറക്ടറുടെ
കാര്യാലയം തിരുവനന്തപുരം
തീയതി : 14 .01.2019

<u>സർക്കുലർ</u>

വിഷയം : കോ.വി.വ- ന്യൂ ഇനിഷിയേറ്റീവ്സ് ഇൻ ഹയർ എഡ്യൂക്കേഷൻ -WWS/SSP പദ്ധതികൾ - 2018-19- ഫണ്ടിന്റെ വിനിയോഗം സംബന്ധിച്ച്

സൂചന : 1)13/12/2018 ലെ ഇതേ നമ്പർ സർക്കുലർ
2)24/ 10/ 2018 ലെ പി 4 / 32225/ കോ വി വ നമ്പർ ഉത്തരവ്
3)29/ 10/ 2018 ലെ പി 4 / 32224/ കോ വി വ നമ്പർ ഉത്തരവ്

*************

SSP/WWS പ്രോഗ്രാമുകൾക്കായി എയ്ഡഡ് കോളേജുകൾക്കുള്ള ഫണ്ട് അതാത് ഡെപ്യൂട്ടി ഡയറക്ടർമാർക്ക് സൂചന 2,3 പ്രകാരം അനുവദിച്ചിരുന്നു . പ്രസ്തുത ഫണ്ടിന്റെ വിനിയോഗത്തിൽ കാലതാമസം ഉണ്ടാകാൻ പാടില്ലെന്ന് സർക്കാർ നിർദ്ദേശിച്ചിട്ടുണ്ട് .ഏതെങ്കിലും ഡെപ്യൂട്ടി ഡയറക്ടറേറ്റിൽ നിന്നും എയ്ഡഡ് കോളേജുകൾക്ക് BAMS വഴി ഫണ്ട് നല്കാനുണ്ടെങ്കിൽ ആയത് 5 ദിവസത്തിനുള്ളിൽ അടിയന്തിരമായി നൽകേണ്ടതാണ് .എയ്ഡഡ് കോളേജുകൾ അഡ്വാൻസ് ബില്ലിന് പകരം അഡ്വാൻസ് എന്ന പരാമർശം ഇല്ലാതെ ബില്ലുകൾ സമർപ്പിക്കുന്നതായും ഡെപ്യൂട്ടി ഡയറക്ടറുടെ counter signature ഇല്ലാതെ ബില്ലുകൾ പാസ്സാക്കിയിട്ടുള്ളതായും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട് .. ആയതിനാൽ BIMS വഴി generate ചെയ്യുന്ന ബില്ലുകൾ പ്രിൻസിപ്പലിന്റെ proceedings മുഖാന്തിരം ഉള്ള അഡ്വാൻസ് ബില്ലുകൾ ആണെന്ന് ബന്ധപ്പെട്ട എയ്ഡഡ് കോളേജ് പ്രിൻസിപ്പൽമാർ ഉറപ്പുവരുത്തേണ്ടതും ആയത് ബന്ധപ്പെട്ട ഡെപ്യൂട്ടി ഡയറക്ടറുടെ counter signature ഓടു കൂടി പാസ്സാക്കേണ്ടതും ആണ് .പ്രോഗ്രാം നടത്തി ഫെബ്രുവരി അവസാന ആഴ്ചയിൽ തന്നെ ബില്ലുകൾ സെറ്റിൽമെന്റിനായി ബന്ധപ്പെട്ട ഡെപ്യൂട്ടി ഡയറക്ടർ മുഖാന്തിരം ട്രഷറിയിൽ സമർപ്പിക്കേണ്ടതാണ് .ബില്ലുകളുടെ പകർപ്പും യൂട്ടിലൈസഷൻ സർട്ടിഫിക്കറ്റും,റിപ്പോർട്ടും പ്രോഗ്രാം സ്റ്റേറ്റ് കോഓർഡിനേറ്റർക്കു സമർപ്പിക്കേണ്ടതാണ് .SSP/WWS പ്രോഗ്രാമുകൾക്കായി അനുവദിച്ചിരിക്കുന്ന ഫണ്ടിന്റെ വിനിയോഗത്തിൽ വരുത്തുന്ന വീഴ്ച ഗുരുതരമായി കണക്കാക്കുന്നതാണ്

Jayasree M.A

സീനിയർ ഫിനാൻസ് ഓഫീസർ
കോളേജ് വിദ്യാഭ്യാസ ഡയറക്ടർക്കു വേണ്ടി

പകർപ്പ്
1.എല്ലാ ഡെപ്യൂട്ടി ഡയറക്ടർമാർക്കും
2.എല്ലാ എയ്ഡഡ് കോളേജ് പ്രിസിപ്പൽമാർക്കും
3.WW/SSSP സ്റ്റേറ്റ് കോഓർഡിനേറ്റർ
4.കരുതൽഫയൽ/ നടപ്പ ഫയൽ